**സാമൂഹ്യ പ്രവർത്തകയും മാഗ്സസെ അവാർഡ് ജേതാവുമായ അരുണാറോയ് കേരളീയത്തിന് നല്കിയ പ്രത്യേക അഭിമുഖത്തിൽനിന്ന്.**

**തയ്യാറാക്കിയത് : ശ്രീജ ശശീധരൻ**

# ജനാധിപത്യ രാഷ്ട്രീയത്തിന്റെ സുതാര്യത

**2005 ഒക്ടോബർ 13 ന് ഇന്ത്യൻ പാർലമെന്റ് വളരെ നിർണ്ണായക മായൊരു നിയമം പാസ്സാക്കി - വിവരാവകാശ നിയമം. ഒരു ജനാധിപത്യ സംവിധാനത്തിൽ സുതാര്യതയും, വിശ്വാസ്യതയും ഉറപ്പുവരുത്താനുതകുന്ന ഈ നിയമം രൂപം കൊണ്ടതിനുപിന്നിൽ നിർണ്ണായക പങ്ക് വഹിച്ച സംഘടനയാണ് രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘടന. മിനിമം കൂലിക്ക് വേണ്ടി ആരംഭിച്ച സമരപഥങ്ങളിലൂടെ രാജ്യത്തിനും ലോകത്തിനും പുതിയ മാതൃക സൃഷ്ടിച്ചതിൽ ശ്രീമതി അരുണാറോയിയുടെ പ്രവർത്തനങ്ങൾ തികച്ചും വ്യത്യസ്തവും ശ്രദ്ധേയവുമാണ്. സാമൂഹ്യ പ്രവർത്തനങ്ങൾക്ക് ഏഷ്യൻ നോബൽ സമ്മാനമായ രമൺമാഗ്സസെ അവാർഡ് ലഭിച്ച അരുണാറോയ് തന്റെ കർമ്മമണ്ഡലത്തെക്കുറിച്ചും, വിവരാവകാശ നിയമത്തെക്കുറിച്ചും ജനകീയ പ്രസ്ഥാനങ്ങളുടെ ഇടപെടലുകളെക്കുറിച്ചും സംസാരിക്കുന്നു. കളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ വർക്കിന്റെ 'വികസനവും മനുഷ്യാവകാശവും' ദേശീയ പരിപാടിയിൽ മുഖ്യപ്രഭാഷകയായി എത്തിയ അരുണ കേരളീയത്തിന് നല്കിയ പ്രത്യേക അഭിമുഖത്തിൽനിന്ന്.**

**എം.കെ.എസ്.എസ്.-ന്റെ ലക്ഷ്യങ്ങളെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കാമോ? എന്തുകൊണ്ടാണീ സംഘടനയെ പാർട്ടിലെസ് എന്നു വിശേഷിപ്പിക്കുന്നത്?**



എം.കെ.എസ്.എസ്. യഥാർത്ഥത്തിൽ പാർട്ടി അധിഷ്ഠിതമല്ലാത്ത രാഷ്ട്രീയ സംഘടനയാണ്. സംഘടനയെ അങ്ങനെ പരിചയപ്പെടുത്താൻ കാരണം എല്ലാ പ്രസ്ഥാനങ്ങളും രാഷ്ട്രീയ പ്രവർത്തനമാണ്. എല്ലാ സമരങ്ങളും രാഷ്ട്രീയ പ്രവർത്തനമാണ്. വോട്ടു ചെയ്യുന്നതിലൂടെ ഇന്ത്യയിലെ എല്ലാ പൗരന്മാരും രാഷ്ട്രീയ പ്രക്രിയയിൽ ഇടപെടുകയാണ്. രാഷ്ട്രീയം എന്നത് കേവലം രാഷ്ട്രീയ പാർട്ടികൾക്ക് മാത്രമുള്ളതല്ല. രാഷ്ട്രീയം നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. എവിടെയൊക്കെ നമ്മൾ മാറ്റം ആവശ്യപ്പെടുന്നോ, അത് നയപരമായാലും, പ്രവർത്തനരീതിയിലായാലും, മാറ്റം ഏത് രീതിയിലായാലും അതിന് അധികാരത്തിന്റെ പുനർവിന്യാസമാണ് ആവശ്യം. അതുകൊണ്ട് തന്നെ എം.കെ.എസ്.എസ്.-ന്റെ രാഷ്ട്രീയം പാർട്ടി അധിഷ്ഠിതമല്ല. ഏതാണ്ട് 15-20 പേരാണ് ഈ സംഘടനയുടെ മുഴുവൻ സമയ പ്രവർത്തകരായിട്ടുള്ളത്. ഈ പ്രവർത്തകർ രാജസ്ഥാൻ സർക്കാർ നിയമമനുസരിച്ചുള്ള 75 രൂപ ദിവസവേതനം ലഭിക്കുന്നുണ്ട്. ഞങ്ങൾ മറ്റൊരു ഫണ്ടിംഗ് ഏജൻസിയുടേയും സഹായം സ്വീകരിക്കുന്നില്ല. അതുകൊണ്ട് തന്നെ എം.കെ.എസ്.എസ്. തദ്ദേശിയമോ, വിദേശിയമോ ആയ സംഘടനയുടേയോ, പ്രോജക്ടിന്റേയോ ഭാഗമല്ല. നെറ്റ്വർക്കിന്റെ ഭാഗമായതുകൊണ്ട് ഞങ്ങളുടെ ബജറ്റ് 6-8 ലക്ഷം രൂപയുടേതാണ്. ഒരുപക്ഷേ ഒരു പ്രത്യേക പ്രദേശം മാത്രം കേന്ദ്രീകരിച്ചും പ്രവർത്തിക്കുകയാണെങ്കിൽ ഒന്നരലക്ഷം രൂപയിലൊതുങ്ങുന്ന ബജറ്റായിരുന്നേനേ.

കൂട്ടായ തീരുമാനമെടുക്കലാണ് എം.കെ.എസ്.എസ്.-ന്റെ രീതി. ഞാൻ എം.കെ.എസ്.എസ്.ന്റെ നേതാവല്ല, മറിച്ച് 25-30 പേരടങ്ങുന്ന കേന്ദ്രകമ്മിറ്റിയിലെ അംഗമാണ്. മാസത്തിലൊരു തവണ യോഗം ചേരുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യും. ആർക്കും ആ സംഘത്തിൽ മുൻതൂക്കം ലഭിക്കില്ല. ഞങ്ങൾ സംസാരിക്കുന്നു, ചർച്ച ചെയ്യുന്നു. പലപ്പോഴും ദിവസങ്ങളോളം നീണ്ടു നിൽക്കുന്ന തർക്കങ്ങളുണ്ടാകുന്നു. ഒടുവിൽ ഞങ്ങൾ സമവായത്തിന്റെ പാതയിലെത്തുന്നു. ചിലപ്പോൾ 15-20 മിനിറ്റ് നീണ്ടു നിൽക്കുന്ന വാക്കൗട്ടുണ്ടാകും. എങ്കിലും തീരുമാനങ്ങൾ ഐക്യകണ്ഠേനയുള്ളതായിരിക്കും. നിർണ്ണായക തീരുമാനമെടുക്കുന്ന സാഹചര്യത്തിൽ ജനങ്ങളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്യും.

**വിവരാവകാശ നിയമത്തിന്റെ പ്രധാന്യം എന്താണ്? ഇത്തരമൊരു നിയമത്തിന് വേണ്ടി പ്രവർത്തിക്കാൻ പ്രേരിപ്പിച്ച ഘടകം എന്താണ്?**

നിയമവുമായി ബന്ധപ്പെട്ട യഥാർത്ഥത്തിൽ ഞാനൊന്നും

ചെയ്തിട്ടില്ല. പക്ഷെ ഇത് ശക്തമായൊരു രാഷ്ട്രീയ വിഷയമാണെന്ന് ഞാനും ഞങ്ങളുടെ സംഘടനയും മറ്റുള്ളവരേക്കാൾ മുമ്പ് തിരിച്ചറിഞ്ഞു എന്നുള്ളതാണ്. രാജ്യത്തിന്റെ നിലനിൽപ്പിനു ജനാധിപത്യംവേണം, രാഷ്ട്രീയക്കാർ വേണം, ഒരു വ്യവസ്ഥ വേണം. പാൽ വിതരണത്തിനായാലും, റേഷൻ കടകൾ നടത്താനായാലും ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാനായാലും ഈ വ്യവസ്ഥ വേണം. അത് വേണ്ടെന്ന് വച്ചാൽ രാജ്യം അരാജകത്വത്തിന്റെ പിടിയിലായിപ്പോകും. നമ്മൾ അരാജകവാദികളല്ല. ഏതെങ്കിലും രീതിയിലൊരു ഭരണക്രമം ആവശ്യമാണ്. ഈ ഭരണക്രമത്തിന്റെ വിശ്വാസ്യതയും സുതാര്യതയും ഉറപ്പുവരുത്തുക ഒരു രാഷ്ട്രീയ സാഹചര്യത്തിലാണ് എം.കെ.എസ്.എസ്. വിവരാവകാശത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചത്.



**ഇത്തരമൊരു സമരത്തിന്റെ തുടക്കം/പശ്ചാത്തലം എങ്ങനെയായിരുന്നു?**

ഇന്ത്യയുടെ ചരിത്രത്തിൽ വിവരാവകാശ നിയമം എന്നത് ഒരു accademic issue ആയിട്ടാണ് മാധ്യമങ്ങളും പൊതുസമൂഹവും കണ്ടിരുന്നത്. മിനിമം കൂലിക്ക് വേണ്ടിയുള്ള സമരമാണ് തുടങ്ങിയത്. രാജസ്ഥാൻ ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ മിനിമംകൂലി ലഭിക്കാറില്ല. മിനിമം കൂലിയായിരുന്നു ആദ്യത്തെ ആവശ്യം. ഇതിനിടയിൽ പല സർക്കാർ കെട്ടിടങ്ങളും നിലംപൊത്തുകയും ഇല്ലാത്ത കനാലുകൾക്ക് വേണ്ടി പണമെടുക്കുന്നതും, രേഖകളിൽ നിലനിൽക്കുന്ന അവകാശപ്പെടുന്ന മൃഗാശുപത്രിക്ക് വേണ്ടി ഗ്രാമപഞ്ചായത്ത് ആഫീസിന്റെ ഒന്നാംനില വിട്ടുകൊടുക്കുന്നതും, 50 വർഷം പഴക്കമുള്ള കെട്ടിടത്തിന് വെള്ള പൂശി, പുതിയ കെട്ടിടമാണെന്ന് വരുത്തി തീർക്കുകയും, ഒന്നരലക്ഷം രൂപ കെട്ടിടനിർമ്മാണത്തിന് ഉപയോഗിച്ചതായി രേഖ ചമയ്ക്കുക തുടങ്ങി പലകാര്യങ്ങളും വെളിച്ചത്ത് വരാൻ തുടങ്ങിയതോടെ, ഭരണത്തിന് സുതാര്യത വേണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. മിനിമം കൂലി എന്നതിനോടൊപ്പം ഭരണത്തിന്റെ സുതാര്യതകൂടി സമരത്തിലുന്നയിക്കപ്പെട്ടതോടെയാണ് വിവരാവകാശത്തിന് വേണ്ടിയുള്ള സമരം ശക്തമായത്. 4 ജില്ലകളിൽ നിന്നായി ആറായിരം പേർ പ്രസ്ഥാനത്തിലെത്തി. ഞങ്ങൾ ഭരണാധികാരികളോട് ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി സമ്മർദ്ദം ചെലുത്താൻ തുടങ്ങി. പൊതു തെളിവെടുപ്പുകൾ നടത്താൻ തുടങ്ങി. (അത്തരം പൊതു തെളിവെടുപ്പുകളാണ് പിന്നീട് സോഷ്യൽ ഓഡിറ്റ് എന്നു സങ്കൽപ്പത്തിന് ജന്മം കൊടുത്തത്). രേഖകൾ സുതാര്യമാക്കാൻ വേണ്ടി വാദിച്ചും, കണക്കുകൾ ജനങ്ങൾക്ക് പരിശോധിക്കാൻ അവസരത്തിനായി ശ്രമിച്ചു. അഴിമതി നടത്തുന്നവരെ കർശനമായി ശിക്ഷിക്കണമെന്നും നഷ്ടപരിഹാരം ഈടാക്കണമെന്നും ആവശ്യപ്പെട്ടു. ഏത് ആവശ്യത്തിനാണോ സർക്കാർ പണം ലഭ്യമാക്കിയത്, ആ പണം അതേ ആവശ്യത്തിന് വീണ്ടും ഗ്രാമങ്ങളിൽ ലഭ്യമാക്കണമെന്ന് ഞങ്ങൾ ആവശ്യമുന്നയിച്ചു. മുഖ്യമന്ത്രി ഇത് (കണക്കുകൾ) നിയമസഭയിലവതരിപ്പിക്കുമെന്ന് ഉറപ്പ് തന്നു. അത് സാധ്യമല്ലെന്ന് പറഞ്ഞ് പഞ്ചായത്ത് അധികാരികളും സമരം ചെയ്തു. പക്ഷെ ഫലമുണ്ടായില്ല. മുഖ്യമന്ത്രി പറഞ്ഞത് അത് കേവലം വാഗ്ദാനം മാത്രമാണെന്നതാണ്. ഞങ്ങൾ സംസ്ഥാന ചീഫ് സെക്രട്ടറിയോട് ചോദിച്ചു. അത് ഒരു കടലാസ് കഷണമല്ലേ? എന്നാണ് അദ്ദേഹം ചോദിച്ചത്. താങ്കൾക്ക് കിട്ടിയ IAS appointment letter ഒരു കടലാസ് കഷണമല്ലേ, ഇന്ത്യൻ ഭരണഘടനപോലും കടലാസ് കഷണങ്ങളല്ലേ? എന്തിന് കറൻസിനോട്ടുകളും കടലാസല്ലേ? ഞാൻ തിരിച്ചും ചോദിച്ചു.

രാജസ്ഥാനിലെ ബിയാഗഡിൽ 40 ദിവസം നീണ്ടു നിന്ന ധർണ്ണയായിരുന്നു സമരത്തിന്റെ വഴിത്തിരിവ്. നാനൂറോളം സന്നദ്ധ സംഘടനകളും, പത്രപ്രവർത്തകരുടെ സംഘടനകളും, പ്രമുഖ മാധ്യമ പ്രവർത്തകർ തങ്ങളുടെ സാന്നിദ്ധ്യത്തിലൂടെയും ഇതിന് പരിപൂർണ്ണ പിന്തുണ നൽകി. പ്രസ് കൗൺസിലും പിന്തുണച്ചു. നിയമത്തിന്റെ ആദ്യ കരടുരൂപം തയ്യാറാക്കിയതും പ്രസ് കൗൺസിലാണ്. ജസ്റ്റീസ് പി.ബി. സാവന്താണ് ഇതിന് നേതൃത്വം നൽകിയത്. ഹിന്ദിയിലേയും ഇംഗ്ലീഷിലേയും മുഖ്യധാര പത്രങ്ങളുടെ എഡിറ്റർമാരും സാമൂഹ്യപ്രവർത്തകരും ഈ പ്രവർത്തനത്തിന് പങ്കാളികളായി.

വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട ഡൽഹിയിലെ പത്രസമ്മേളനത്തിൽ പങ്കെടുക്കാൻ നാലാം ക്ലാസ്സ് വരെ പഠിച്ച എന്റെ സുഹൃത്ത് സുശീലയും ഉണ്ടായിരുന്നു. അവരോട് പത്രക്കാർ ചോദിച്ചു. "നിങ്ങൾക്കെന്താണിതിൽ കാര്യം?" അവർ കൃത്യമായി മറുപടി പറഞ്ഞു. ഞാനെന്റെ മകന് 10 രൂപയുമായി കടയിലേക്ക് വിട്ടാൽ അവൻ തിരിച്ചുവരുമ്പോൾ അതിന്റെ കണക്കു ചോദിക്കുന്നതുപോലെ തന്നെ, ജനങ്ങളുടെ പേരിൽ സർക്കാർ കോടികണക്കിന് രൂപയാണ് ചെലവഴിക്കുന്നത്. അതിന്റെ കണക്ക് ഞാനും പരിശോധിക്കേണ്ടതല്ലേ? യെ ഹമാരാ പൈസാഹേ, ഇസ്‌ലിയേ ഹമാരാ ഹിസാബ്." ഈ മുദ്രാവാക്യം എല്ലായിടത്തും പ്രചരിക്കപ്പെട്ടു, എല്ലാ ഭാഷകളിലും, മലയാളത്തിലെങ്ങനെ പറയുമെന്നറിയില്ല. തമിഴിലിത്, നമ്മ പണം, നമ്മ കണക്ക്. യഥാർത്ഥ

ത്തിൽ ലളിതമായ യുക്തി മാത്രമെ ഇത് മനസിലാക്കാൻ ആവശ്യമുള്ളു.

**പൊതു തെളിവെടുപ്പുകൾ എങ്ങനെയാണ് നടത്തിയത്? ഇതിനോട് ജനങ്ങൾ എങ്ങിനെയാണ് പ്രതികരിച്ചത്?**

1994 ഡിസംബർ 2 നാണ് ആദ്യത്തെ പൊതു തെളിവെടുപ്പ് രാജസ്ഥാനിൽ നടന്നത്. ഞങ്ങളെ തല്ലുമെന്ന് പല മാഫിയാ സംഘങ്ങളും ഭീഷണിപ്പെടുത്തി. അതിൽ രാഷ്ട്രീയ, പോലീസ് മാഫിയകളും പ്രദേശിക ഗുണ്ടകളും ഉൾപ്പെട്ടിരുന്നു. പക്ഷെ ജനങ്ങൾ ഞങ്ങളെ പിന്തുണച്ചു. കാരണം ഞങ്ങളുന്നയിച്ചു രേഖകൾ കാണാനും പരിശോധിക്കാനുമുള്ള അവകാശം അവർക്ക് അർഹതപ്പെട്ടതാണെന്നവർ തിരിച്ചറിഞ്ഞു എന്നതു തന്നെ.

തെളിവെടുപ്പ് നടക്കുന്നതിന്റെ തലേദിവസം ഞങ്ങൾ സ്കൂളിലാണ് ഉറങ്ങാൻ സൗകര്യമുണ്ടായത്. എന്നാൽ നാട്ടുകാർ ആക്രമണം ഭയന്ന്, അവരുടെ വീടുകളിൽ ഉറങ്ങാൻ ഞങ്ങളെ ക്ഷണിച്ചു കാരണം വീടുകളിൽ കഴിയുന്നവർ സ്കൂളിൽ അക്രമം നടന്നാൽ തങ്ങൾ അറിയില്ലെന്ന് ആശങ്കയിലായിരുന്നു. പിറ്റേ ദിവസം ഞങ്ങൾ പാരച്യൂട്ടുകൊണ്ട് ടെന്റുണ്ടാക്കി. രാജസ്ഥാനിൽ നിന്ന് ധാരാളം ആളുകൾ സൈനിക സേവനത്തിന് പോകുന്നതുകൊണ്ട് പാരച്യൂട്ടുകൾ സുലഭമായിരുന്നു. ടെന്റ് കാണാൻ റൊമാന്റിക്കായിരുന്നു. എതിർക്കുന്നവർ പൊതുതെളിവെടുപ്പു മാറ്റിയെന്ന് വലുതായി പ്രചരിപ്പിച്ചു. എന്നിട്ടും അന്ന് ആയിരത്തി അഞ്ഞൂറോളം (1500) ആളുകൾ പങ്കെടുത്തു. ട്രാക്ടറുകളിലും, ബസിലും പിന്നെ കാൽനടയുമായാണ് അവർ വന്ന് ചേർന്നത്. ആസൂത്രണ കമ്മീഷൻ പ്രതിനിധി, വനിതാ സംഘടനാ പ്രതിനിധി, സർവ്വോദയ പ്രസ്ഥാനത്തിന്റെ പ്രതിനിധി എന്നിവരാണ് അന്നത്തെ പാനലിൽ ഉണ്ടായിരുന്നത് പൊതുവെ പരിപാടി തുടങ്ങിക്കഴിഞ്ഞാൽ പെട്ടെന്ന് എഴുന്നേറ്റു പോവുകയാണ് നാട്ടുകാരുടെ രീതി. എന്നാൽ പതിവിന് വിപരീതമായി. പരിപാടി കഴിഞ്ഞു ഇനി വീട്ടിലേക്ക് പോകാം എന്നു പറഞ്ഞപ്പോഴാണവർ പിരിഞ്ഞുപോയത്. ഈ സംഭവം ഒരു പത്രം മാത്രമേ റിപ്പോർട്ട് ചെയ്തുള്ളു. എന്നാൽ പിന്നീടൊരിക്കലും മാധ്യമശ്രദ്ധ കിട്ടാൻ ബുദ്ധിമുട്ട് ഉണ്ടായില്ല.

**രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പ്രത്യക്ഷമായി പ്ലാച്ചിമട പോലുള്ള ജനകീയ സമരങ്ങളെ പിന്തുണയ്ക്കുകയും പരോക്ഷമായി അക്രമിക്കുകയും ചെയ്യുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇത്തരമൊരു രാഷ്ട്രീയ പരിപ്രേക്ഷ്യത്തിൽ യാതന അനുഭവിക്കുന്നവർക്ക് എങ്ങനെയാണ് ചെറുത്ത് നിൽപ് സാധ്യമാവുക?**

ഇത്തരമൊരു ചോദ്യത്തിന് പരിഹാരം നിർദ്ദേശിക്കാൻ എനിക്കറിയില്ല. ഞാനും നിങ്ങളെപ്പോലെയാണ്. എനിക്കും ഇത്തരം ആശങ്കകളുണ്ട്. പരിഹാരം ഒത്തൊരുമയോടെ കണ്ടെത്തേണ്ടതാണ്. ഇത് പ്ലാച്ചിമടയിൽ മാത്രമുള്ളതല്ല, പ്ലാച്ചിമടയായാലും, ഗുജറാത്തായാലും, നന്ദിഗ്രാമായാലും, വരാണസിയിലെ പെപ്സി ഫാക്ടറിയായാലും രാജസ്ഥാനിലെ ഭൂമിയേറ്റെടുക്കൽ പ്രശ്നമായാലും, ഇത്തരം ജനകീയ പ്രശ്നങ്ങൾ കൂടുതൽ പ്രാദേശികവത്കരിക്കപ്പെട്ടിരിക്കുന്നു എന്നതാണ് വസ്തുത. കൂടുതൽ ആളുകളുമായി ചേർന്ന് വലിയൊരു സംഘമായി മാറിയില്ലെങ്കിൽ നമുക്ക് ജനാധിപത്യത്തിൽ അധികാരം പങ്കുവെയ്ക്കപ്പെടാനുള്ള അവസരം നഷ്ടപ്പെടും. എങ്ങനെയാണ് ഒന്നിക്കുക എന്നതാണ് വലിയൊരു പ്രശ്നം. അത്തരമൊരു Mobilisation-ന്റെ കാര്യത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (NREGA) വളരെ പ്രധാനപ്പെട്ടതാണ്. പദ്ധതി നൂറ് തൊഴിൽ ദിനങ്ങൾ നൽകുന്നു എന്നത് മാത്രമല്ല, രാജ്യത്തുടനീളമുള്ള തൊഴിലാളികളെ ഒരുമിപ്പിക്കാനുള്ള സാധ്യതയുമുണ്ട്. ഈ സാധ്യത നമ്മൾ മനസ്സിലാക്കുന്നില്ല. 10 കോടി ആളുകൾ നമ്മോടൊപ്പം നിന്നാൽ നമുക്ക് രാഷ്ട്രീയത്തിൽ വിലപേശാനുള്ള കഴിവ് കൂടും. അതോടെ രാഷ്ട്രീയ പാർട്ടികൾ നമ്മളെ കേൾക്കും. രണ്ടാമതായി ചെയ്യേണ്ടത് പൊതുജനാഭിപ്രായം സ്വരൂപിക്കുക എന്നുള്ളതാണ്, അഭിപ്രായം പ്രകടിപ്പിക്കാൻ ഇടം കണ്ടെത്തണം. അതിന് നമ്മുടെ മനോഘടനകൂടി മാറേണ്ടിയിരിക്കുന്നു.

നമ്മുടെ താൽപര്യങ്ങൾക്കെതിരായവരോടും ഒരു പക്ഷെ ആശയപരമായി നമുക്ക് ഒരിക്കലും യോജിക്കാൻ പറ്റാത്തവരോടും നാം സംസാരിക്കേണ്ടിവരും. അങ്ങനെ ചിന്തിക്കുമ്പോൾ വ്യക്തിപരമായി എനിക്ക് മതമൗലീകവാദികളോട് സംവദിക്കാൻ കഴിയും. സാമ്പത്തിക മൗലികവാദികളോട് സംസാരിക്കാൻ ഞാൻ തയ്യാറാണ്. കാരണം അങ്ങനെ സംവദിക്കാൻ തയ്യാറായില്ലെങ്കിൽ എങ്ങനെയാണ് നമ്മുടെ വാദഗതികൾ സ്ഥാപിച്ചെടുക്കാൻ കഴിയുക. ഓരോ ഗ്രൂപ്പുകളുടേയും താൽപര്യം മനസ്സിലാക്കി ഇടപെടാനും അവരോട് സംവദിക്കാനും സാധിക്കണം.

ഉദാഹരണമായി പ്രത്യേക സാമ്പത്തിക മേഖലകളെക്കുറിച്ച് എം.പി. മാർക്കിടയിൽ വ്യത്യസ്തമായ നിലപാടുകളാണുള്ളത്, അഭിപ്രായ വ്യത്യാസം പ്രകടവുമാണ്. നഗരങ്ങളിലുള്ളവർ SEZ നെ പിന്തുണയ്ക്കുമ്പോൾ, ഗ്രാമപ്രദേശങ്ങളിലുള്ളവർ എതിർക്കുകയാണ്. രാജസ്ഥാനിൽ SEZ ന് എതിരായ ഒരു യാത്രയ്ക്ക് തുടക്കം കുറിച്ചത് അജ്മീറിൽ നിന്നുള്ള ഒരു എം.എൽ.എ.യാണ്. അദ്ദേഹം ഞങ്ങൾ ക്ഷണിച്ചിട്ട് വന്നതല്ല, സ്വമനസാലേ വന്നു. അദ്ദേഹം, വ്യക്തിപരമായി ഞങ്ങളോടൊപ്പമാണെന്നും, നിങ്ങൾ സമരം തുടരണമെന്നും ആവശ്യപ്പെട്ടു. എന്നാൽ ഞങ്ങളോടൊപ്പം നിൽക്കാൻ പറ്റില്ലെങ്കിൽ പുറത്തുപോകണം എന്നു പറയാൻ സാധ്യമല്ല. അങ്ങനെ പിൻതിരിയുകയല്ല വേണ്ടത്, ഭരിക്കുന്നവരുമായും രാഷ്ട്രീയ പാർട്ടികളുമായും നല്ല ആശയവിനിമയ സംവിധാനം നിലനിർത്തണം. അതുപോലെ സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള ക്ഷമകൂടി നേടിയെടുക്കണം. നമുക്ക് പ്രാരംഭകാല ദീർഘകാല തന്ത്രങ്ങൾ ആവശ്യമാണ്. അതോടൊപ്പം

സമരത്തിന് എതിരായ തന്ത്രങ്ങളും അനുകൂലിക്കുന്ന തന്ത്രങ്ങളും മനസ്സിലാക്കാൻ കഴിയണം.

ആശയപരമായി യോജിച്ചാലും ഇല്ലെങ്കിലും, കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും വിദഗ്ധനായ സമരതന്ത്രജ്ഞൻ ഗാന്ധിയാണ്. സ്വാതന്ത്ര്യസമര പ്രസ്ഥാനം നിരവധി ചെറുസമരങ്ങളുടെ കൂടിച്ചേരലാണ്. അത് മുഴുവൻ ആളുകളെയും ബാധിക്കുന്ന കാര്യങ്ങൾ കണ്ടെത്തുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഉപ്പ്, പാവപ്പെട്ടവനും പണക്കാരനും നാഗരികനും ഗ്രാമീണനും ഒരു പോലെ ആവശ്യമുള്ള അടിസ്ഥാന വസ്തുവാണ്. അത്തരത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്ന ദീർഘകാലം സമരം വേണം, നമ്മുടെ അടിസ്ഥാനതത്വങ്ങളിൽ നിന്ന് വ്യതിചലിക്കാതെ, പുതിയ ആശയങ്ങളെ ഉൾക്കൊള്ളാനും സാധിക്കണം. ചെറിയ സമരങ്ങളിലൂടെ മാത്രമേ സ്വാതന്ത്ര്യത്തിനുള്ള ദേശീയസമരം സാദ്ധ്യമായുള്ളു എന്നാണ് ഗാന്ധി അഭിപ്രായപ്പെട്ടത്.

**വിവരാവകാശ നിയമം എത്രത്തോളം ഗുണകരമാണ്?**

ഈ നിയമം നിലവിൽ വന്നതോടെ സർക്കാർ സ്ഥാപനങ്ങൾക്ക് സുതാര്യവും ഉത്തരവാദിത്വമുള്ളതുമാകണം എന്ന ചുമതലാബോധം വന്നിട്ടുണ്ട്. ഇത് അധികാരത്തിന്റെ കൈമാറ്റവും, പങ്കുവെയ്ക്കലുമാണ്. രേഖകളും നയങ്ങളും ജനങ്ങളെ കൂടി കാണിക്കേണ്ടി വരുമ്പോൾ തീർച്ചയായും ഭരണവ്യവസ്ഥയ്ക്ക് ഉത്തരവാദിത്തബോധം കൈവരും, അഴിമതി ചെയ്യാൻ ഭയക്കും. തീരുമാനങ്ങളെടുക്കുന്നതിലും, പ്രാവർത്തികമാകുന്നതിലും എങ്ങനെയാണ് ഭയമുണ്ടാകും. ഇത്രയൊക്കെയായി 2006-ൽ, നിയമം പാസാക്കി ഒരു വർഷമാകുമ്പോഴെക്കും, ഈ നിയമത്തിൽ ഭേദഗതി വരുത്താൻ ശ്രമിച്ചു. പക്ഷെ സാധിച്ചില്ല. ഇപ്പോഴും അതിനുള്ള ശ്രമങ്ങൾ നടക്കുകയാണ്. എത്രത്തോളം സാധിക്കുമെന്ന് കണ്ടറിയുക തന്നെ വേണം. നിയമഭേദഗതിക്ക് ശ്രമിച്ചാൽ

> **ഒരു പങ്കാളിത്ത ജനാധിപത്യ സംവിധാനത്തിൽ രാഷ്ട്രീയ പാർട്ടികൾക്ക് വിശ്വാസ്യതയുണ്ടാകണം. പ്രസ്തുത ഭരണക്രമത്തിൽ രാഷ്ട്രീയ പാർട്ടികൾക്ക് ചില മിനിമം യോഗ്യതകളുണ്ടാകണമെന്നാണ് എന്നെ പോലുള്ള ആളുകൾ വിചാരിക്കുന്നത്. ഉൾപ്പാർട്ടി ജനാധിപത്യവും ധാർമ്മികതയും വേണമെന്നുള്ളതാണ്.**

രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്ന് പ്രതികരണമുണ്ടാകും. ഇത്തരമൊരു പ്രതികരണമാണ് ഈ നിയമത്തിലെ ഏറ്റവും ശുഭോതർക്കമയമായ കാര്യം.

ഇനി ഈ നിയമം പ്രയോജനപ്പെടുത്തുന്നത് ഗ്രാമത്തിലെ ദരിദ്രനായ പുരുഷനോ സ്ത്രീയോ ആകാം. ഗുജറാത്ത് കലാപസമയത്ത് പ്രസിഡന്റ് പ്രധാനമന്ത്രിക്കെഴുതിയ കത്ത് പോലെ തികച്ചും അക്കാദമിക് കാര്യങ്ങളാകാം. ഗ്രീൻ പീസു പോലുള്ള സംഘടനകൾ ജനികഘടനയിൽ മാറ്റം വരുത്തിയ വിത്തുകളെക്കുറിച്ച് ചോദിച്ചിട്ടുണ്ടാകും. പോലീസിന്റെ രഹസ്യ റിപ്പോർട്ടുകളെക്കുറിച്ച്, യു.പി.എസ്.സി. പരീക്ഷകളെക്കുറിച്ച് ജുഡീഷ്യൽ അക്കൗണ്ടബിലിറ്റിയെക്കുറിച്ച് ചോദിച്ചിട്ടുണ്ടാകാം ആളുകൾ ഡൽഹിയിലെ വെള്ളം സ്വകാര്യവത്കരിക്കുന്നതിനെക്കുറിച്ച് ചോദിക്കുന്നു, ബോംബെയിലെ സിംപ്രീത് കുടിയൊഴിപ്പിക്കലുകളെകുറിച്ച് ആയിരമായിരം ചോദ്യങ്ങൾ ചോദിക്കുന്നു. ശൈലേഷ് ഗാന്ധി, ഗോൾഫ് ക്ലബുകൾക്കും കമ്പനികൾക്കും ഭൂമി കൊടുത്തതിനെക്കുറിച്ച് ചോദിക്കുന്നു. ഇതിൽനിന്ന് മനസ്സിലാക്കേണ്ടത് ധാരാളം ആളുകൾ ചോദിക്കുന്നു എന്നുതന്നെയാണ്. പക്ഷെ ഈ നിയമം പൂർണ്ണമായും പരാജയമായിട്ടുള്ളത് സർക്കാർ തലത്തിലാണ്. പ്രസ്തുത നിയമപ്രകാരം 2005 ഒക്ടോബർ 13 മുതൽ പ്രധാനപ്പെട്ട വിവരങ്ങൾ സർക്കാർ ഓഫീസുകൾക്കു മുന്നിൽ പ്രദർശിപ്പിക്കണമെന്നുള്ളതാണ്. ഇത് സർക്കാർ ചെയ്തിട്ടില്ല.

ഈ നിയമത്തിന് ചില സവിശേഷതകളുമുണ്ട്. ഒരു ജനപ്രതിനിധിയ്ക്ക് ലഭ്യമാക്കാവുന്ന എല്ലാ വിവരങ്ങളും ജനങ്ങൾക്കും ലഭ്യമാക്കണം. ഏത് രഹസ്യ വിവരമായാലും മനുഷ്യവകാശലംഘനം, അഴിമതി എന്നിവയുമായി ബന്ധപ്പെട്ടതാണെങ്കിൽ ആ വിവരങ്ങൾ നൽകാനും കമ്മീഷന് ബാധ്യതയുണ്ട്. കൂടാതെ കമ്മീഷന്റെ യുക്തിയിൽ, രാജ്യത്തെ കൂടുതൽ നന്നായി സേവിക്കാനുതകുന്ന ഏതു വിവരം ലഭ്യമാക്കേണ്ടതാണ്. അങ്ങനെ നോക്കുമ്പോൾ, ലോകത്തിൽ തന്നെ നിലവിലുള്ള നിയമങ്ങളിൽ ശ്രദ്ധേയമായ ഒന്നാണിത്.

ഇപ്പോൾ നിയമത്തിന് ഉപരിപ്ലവമായ വിശ്വാസ്യത കൊണ്ടുവരാനെ സാധിച്ചിട്ടുള്ളു. ഇത്തരമൊരു നിയമം കേവലം പ്രാദേശിക ഉപയോഗത്തിനായി മാത്രമെ കരുതിയിട്ടുള്ളു. എന്നാൽ സർക്കാർ പ്രതിസന്ധിയിലാണ്. കാരണം ഇതിന്റെ വ്യത്യസ്തമായ സാധ്യതകൾ തിരിച്ചറിഞ്ഞുവരുന്നതേയുള്ളൂ എന്നതാണ്.

ന്യൂനപക്ഷ ബുദ്ധിജീവി സമൂഹത്തിനപ്പുറം ഇതൊന്നും തങ്ങളെ ബാധിക്കുന്നതല്ല എന്നു പറയുന്ന ബഹുഭൂരിപക്ഷമായ സാധാരണക്കാരനും ഈ സാധ്യതകൾ മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു.

**എന്തുകൊണ്ടാണ് നിങ്ങൾ രാഷ്ട്രീയ പാർട്ടിയിൽ അംഗമാകാത്തത്? നിങ്ങൾ രാഷ്ട്രീയത്തിൽ വിശ്വസിക്കാത്തതുകൊണ്ടാണോ? അതോ പാർട്ടിയുടെ അപര്യാപ്തമായതുകൊണ്ടാണോ?**

ഒരു പങ്കാളിത്ത ജനാധിപത്യ സംവിധാനത്തിൽ രാഷ്ട്രീയ പാർട്ടികൾക്ക് വിശ്വാസ്യതയുണ്ടാകണം. പ്രസ്തുത ഭരണക്രമത്തിൽ രാഷ്ട്രീയ പാർട്ടികൾക്ക് ചില മിനിമം യോഗ്യതകളുണ്ടാകണമെന്നാണ് എന്നെ പോലുള്ള ആളുകൾ വിചാരിക്കുന്നത്. ഉൾപ്പാർട്ടി ജനാധിപത്യവും ധാർമ്മികതയും വേണമെന്നുള്ളതാണ്. ഒരു പക്ഷേ സത്യമെ

ന്നത് നമുക്ക് വേണ്ടിയുള്ള സർക്കാരിനെക്കാൾ പ്രധാനമാണ്. പലപ്പോഴും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ പരാജയപ്പെടുന്നത് അവർ ആദർശങ്ങൾ ബലികഴിക്കുമ്പോഴാണ്. ഇടതുപക്ഷത്തിന്റെ ആദർശങ്ങളും തത്വങ്ങളും നല്ലതുതന്നെ. ഇക്കാര്യത്തിൽ ഗാന്ധിയുടെ പങ്ക് തികച്ചും ശ്രദ്ധേയമാണ്. കാരണം അദ്ദേഹമാണ് രാഷ്ട്രീയത്തിൽ ധാർമ്മികതയുടെ ആവശ്യം ബോധ്യപ്പെടുത്തിയത്.

**ഈ നിയമത്തിന് ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് എതിർപ്പുണ്ടായോ?**

ഭരണത്തിന്റെ സുതാര്യത എന്നത് വിവരാവകാശത്തിലൂടെ സാധ്യമാകുമ്പോൾ ഉദ്യോഗസ്ഥർക്ക് നേരിട്ട് ഇടപെടാൻ കഴിയില്ലെന്ന് ഒരു ഗുണം തന്നെ. ഉദാഹരണത്തിന് ഡൽഹിയിൽ കുടിവെള്ളം സ്വകാര്യ പങ്കാളിത്തത്തിലൂടെ വിതരണം ചെയ്യാൻ ശ്രമിച്ചപ്പോൾ, ലോകബാങ്കിനും, സർക്കാരിനും, പ്ലാനിംഗ് കമ്മീഷനും ഒന്നും ചെയ്യാൻ സാധിച്ചില്ല. കാരണം ഐ.ഐ.ടി.യുടെ പൂർവ്വ വിദ്യാർത്ഥികൾ അത് തെറ്റായ സാങ്കേതികതയാണെന്നും ഐ.ഐ.എം. പൂർവ്വ വിദ്യാർത്ഥികൾ തെറ്റായ മാനേജ്മെന്റ് രീതിയാണെന്നും വിലയിരുത്തിയതോടെ കാര്യങ്ങൾ എളുപ്പമായി അതോടൊപ്പം തന്നെ ഡൽഹിയിലെ മഹാറാണി ബാഗിലേയും ബസന്ത് ബിഹാറിലേയും ഗോൾഫ് ലിങ്ക്സിലേയും സ്വതവേ നിഷ്പക്ഷതയിൽ നിൽക്കുന്ന വരേണ്യസമൂഹം സർക്കാരിന്റെ ജലനയത്തെ എതിർത്തു സംസാരിച്ചു എന്നുള്ളത് ശ്രദ്ധേയമാണ്. എപ്പോഴും പാർട്ടികളിലും ഫാഷനുകളിലും ശ്രദ്ധിക്കുന്ന സ്ത്രീകൾ, ഇത് തങ്ങളെയും ബാധിക്കുന്ന പ്രശ്നമാണ് എന്ന് തിരിച്ചറിഞ്ഞു. ആ തിരിച്ചറിവാണ് അവരെ ഇതിനെതിരെ സംസാരിക്കാൻ പ്രേരിപ്പിച്ചത്. രാജസ്ഥാനിലെ ഒരു വിഭാഗം പഞ്ചായത്ത് ഉദ്യോഗസ്ഥർ സോഷ്യൽ ഓഡിറ്റിനെ എതിർക്കുന്നു. എന്നാൽ രേഖകൾ സുതാര്യമാകണമെന്ന് ആവശ്യം ജനങ്ങളും ഉന്നയിച്ചു ഇന്നതിന് തയ്യാറായില്ലെങ്കിലും രാജസ്ഥാനിലെ മുഴുവൻ പഞ്ചായത്തുകളുടെ രേഖ പരിശോധിക്കാനുള്ള അവസരവും, അഴിമതിക്കാരെ കണ്ടെത്താനും സാധിക്കും എന്നത് വസ്തുതയാണ്.

**നിയമം പ്രാബല്യത്തിൽ വരുത്തുന്നതിന് രാഷ്ട്രീയ പിന്തുണ ലഭിച്ചിരുന്നോ?**

തീർച്ചയായും ഡൽഹിയിൽ ഇടതുപക്ഷം ഞങ്ങളെ പിന്തുണച്ചു, വി.പി. സിംഗ് പിന്തുണച്ചു, ആദരണീയരായ രാഷ്ട്രീയ നേതാക്കളെല്ലാം തന്നെ പിന്തുണച്ചു. അഴിമതി നിറഞ്ഞ സമൂഹമാണെന്നുള്ളതെന്നും, അത് ഇല്ലാതാകാനുള്ള സമരത്തിന് ഞങ്ങളും കൂടെ നിൽക്കുന്നുവെന്ന് പറഞ്ഞാണ് രാഷ്ട്രീയ പാർട്ടികൾ പിന്തുണ നൽകിയത്. 1996-ൽ ഞങ്ങൾ നടത്തിയ ധർണ്ണയിൽ കോൺഗ്രസ്സടക്കമുള്ള പാർട്ടികൾ പങ്ക് ചേർന്നു. ബി.ജെ.പി. ഒഴികെ. വിവരാവകാശ നിയമം, ബഹുജന പ്രസ്ഥാനങ്ങൾക്ക്, പൊതുജനാഭിപ്രായം രൂപീകരിക്കാൻ സഹായിക്കുന്നു. മാത്രമല്ല, ഒരു പൊതുനന്മയ്ക്കുവേണ്ടി, നാനാഭാഗത്തുനിന്നുള്ള ആളുകളെ ഒന്നിപ്പിക്കുന്നു. ഒരു ജനാധിപത്യവ്യവസ്ഥിതിയിലെ കേവല സമരങ്ങൾ മാത്രമല്ല, നമ്മൾ പലപ്പോൾ തെറ്റായ നയങ്ങളുടെ പീഡിപ്പിക്കപ്പെടുന്നവരും കൂടിയാണ്. അത് ഓവർബ്രിഡ്ജ് പണിയുന്നതിലായാലും വലുതോ ചെറുതോ ആയ അണക്കെട്ടുകൾ നിർമ്മിക്കുന്നതിലായാലും, മലിനീകരണമുണ്ടാക്കുന്ന വ്യവസായങ്ങളായാലും കഷ്ടത അനുഭവിക്കേണ്ടിവരുന്നത് ജനങ്ങൾ തന്നെയാണ്.

**ഐ.എ.എസ്. പോലൊരു ഉന്നതപദവി ഉപേക്ഷിച്ച് സാമൂഹ്യപ്രവർത്തനമേഖലയിലേക്കിറങ്ങാൻ പ്രേരിപ്പിച്ചതെന്താണ്?**

40 വർഷത്തെ എന്റെ പൊതുജീവിതത്തിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ടത് കേവലം 7 വർഷം ഞാൻ ജോലി ചെയ്ത ഐ.എ.എസ്. എന്ന മേഖലയാണ്. ഞാൻ പോകുന്നിടത്തൊക്കെ യഥാർത്ഥത്തിൽ ഐ.എ.എസ്.നാണ് പ്രാധാന്യം. ഞാനെന്തുകൊണ്ട് ഇംഗ്ലീഷ് അദ്ധ്യാപികയുടെ ജോലി ഉപേക്ഷിച്ചു എന്നാരും ചോദിക്കാറില്ല. ഞാൻ മനസ്സിലാക്കുന്നത് ഐ.എ.എസ്. എന്നത് കേവലം ബാബു സർവീസായിട്ടാണ്. നിലനിൽക്കുന്ന സാഹചര്യത്തിൽ ലോകത്ത് ഒരിടത്തും ഉദ്യോഗസ്ഥവൃന്ദം സമൂഹത്തിൽ സമൂലപരിവർത്തനം വരുത്തിയതായി ഞാൻ മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ടാണ് ഐ.എ.എസ്. വേണ്ടെന്ന് തീരുമാനിച്ചത്. വ്യക്തിയ്ക്ക് ഹീറോ ആകാനുള്ള അവസരം സിവിൽ സർവ്വീസ് തരും. പക്ഷെ അതിലൂടെ കൂടുതൽ മാറ്റങ്ങൾ വരുത്താൻ സാധ്യമല്ല. പൂനയിലെ കളക്ടറോ, ബിലാസ്പൂരിൽ ഡിവിഷണൽ ഓഫീസറോ ആകാം. ഇലക്ഷൻ കമ്മീഷൻ പോലൊരു സ്വതന്ത്ര ഏജൻസിയുടെ തലവനാകാം. പക്ഷെ ശേഷനോ ലിങ്ദോക്കോ കൊണ്ടുവന്ന ചില മാറ്റങ്ങളുടെ പ്രഭാവം അവരോടൊപ്പം തന്നെ കമ്മീഷനും നഷ്ടമായി. ജനങ്ങളോടൊപ്പം പ്രവർത്തിക്കണം, അവരെ ശാക്തീകരിക്കണം അതിലൂടെ മാറ്റങ്ങൾ വരുത്തണം. ജനം എന്ന അധികാരം എന്നോടൊപ്പം തന്നെയുണ്ട്.

*നന്ദി/കടപ്പാട് : ഫാ. പ്രശാന്ത്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ വർക്ക്*


**കേരളീയം**
**പുസ്തകശാല**

**പുസ്തകങ്ങൾ**

1. ഇല്ലംനിറ (കഥകൾ)
   കെ.ആർ. ഇന്ദിര
2. ചെന്നൈ വിശേഷവും കുറിപ്പുകളും
   ബിജു എസ്. ബാലൻ
3. ജാഗ്രതയുടെ കാവൽമാടം
   കേരളീയം 100 ലക്കങ്ങൾ സമാഹരിച്ചത്
   എഡിറ്റർ : കെ.ആർ. ഇന്ദിര
4. മാർക്സിസത്തിനുശേഷം
   എഡിറ്റർ : ദിലീപ് രാജ്
5. പ്ലാച്ചിമട : അനുഭവങ്ങൾ, പാഠിച്ചകൾ
   എഡിറ്റർ : ടി.ടി. ശ്രീകുമാർ
6. കേരളീയം സൈക്കിൾ പുസ്തകം
   എഡിറ്റർ : പ്രൊഫ.കെ.ജി.ശങ്കരപ്പിള്ള

കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 9446576943, 9447674375
keraleeyamtcr@rediffmail.com